**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 359** **27-06-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിന് കേന്ദ്ര വിഹിതം ലഭിക്കുന്നതിന് നിലവിൽ കാലതാമസം നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ ഇനത്തിലും ഭരണ ചെലവിനത്തിലും ലഭിക്കേണ്ടുന്ന തുക ഒരു വർഷത്തോളമായി ലഭിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തെ ഏകദേശം 700 കോടി രൂപയോളം കുടിശ്ശികയാണ്. മെറ്റീരിയൽ/ ഭരണച്ചെലവിനത്തിൽ 24.05.2021-ന് ശേഷം കേന്ദ്രസർക്കാർ തുക ഒന്നും തന്നെ അനുവദിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷം തൊഴിലാളികളുടെ വേതന വിതരണത്തിനും കാലതാമസം ഉണ്ടായിരുന്നു. സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും നിരന്തരം ഇടപെടുകയും സമ്മർദ്ദം ചെലുത്തിയതിന്റെയും ഫലമായി ഈ സാമ്പത്തിക വർഷം ഇതേ വരെ തൊഴിലാളികൾക്കുള്ള അവിദഗ്ധ വേതനത്തിൽ നിലവിൽ കാലതാമസം വന്നിട്ടില്ല. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷത്തെ കേന്ദ്രവിഹിതം പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; കുടിശ്ശിക ഉണ്ടെങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) മെറ്റീരിയൽ ഇനത്തിൽ 403.03 കോടി രൂപയുടെ കേന്ദ്രവിഹിതം കുടിശ്ശികയാണ്. ഭരണച്ചെലവിനത്തിൽ 141 കോടി രൂപയും കുടിശ്ശികയുണ്ട്. |
| (സി) | നടപ്പ സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയ്ക്ക് കേന്ദ്രവിഹിതമായി ലഭിക്കേണ്ട തുക എത്രയാണ്; ഇതിൽ എത്ര രൂപ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | നടപ്പ സാമ്പത്തിക വർഷത്തിൽ (2022-23) മാത്രമായി മെറ്റീരിയൽ ഇനത്തിൽ 532.27 കോടി രൂപയാണ് കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ലഭിക്കേണ്ടത്. ഇതിൽ ആദ്യ ഗഡു ലഭിക്കുന്നതിനായി 01.04.2022-ന് കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതേവരെ ലഭിച്ചിട്ടില്ല. മുൻ വർഷത്തേത് കൂടി ചേർത്താൽ 700 കോടി രൂപയോളം സംസ്ഥാനത്തിന് ലഭിക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ